## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *38 09.06.2015 ൽ മറുപടിക്ക്

## റെയിൽ വികസനത്തിനും ഗതാഗതത്തിനും സർവ്വേകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് :<br>,, കോടിയേരി ബാലകൃഷ്ണൻ :<br>,, കെ.കുഞ്ഞിരാമൻ (ഉദുമ) :<br>ശ്രീമതി.കെ.കെ.ലതിക : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ റെയിൽ വികസനത്തിനും ഗതാഗതത്തിനും ഏറെ പ്രയോജനകരമാവുന്ന ഏതെല്ലാം സർവ്വേകൾ പൂർത്തീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ; | (എ) യും (ബി) യും | പൂർത്തീകരിച്ചിട്ടുള്ള സർവ്വേകൾ ചുവടെ ചേർക്കുന്നു.<br>1. അങ്കമാലി - ശബരി<br>2. കണ്ണൂർ-മട്ടന്നൂർ<br>3. നിലമ്പൂർ-നഞ്ചൻഗുഡ്<br>4. ഗുരുവായൂർ - തിരുനാവായ<br>5. കൊച്ചി - മധുര<br>6. തിരൂർ - അങ്ങാടിപ്പുറം<br>7. കൊല്ലങ്കോട് - തൃശ്ശൂർ<br>8. ഇടപ്പള്ളി-ഗുരുവായൂർ<br>9. ശബരിമല - ചെങ്ങന്നൂർ<br>10. തലശ്ശേരി - മൈസൂർ<br>11. അങ്ങാടിപ്പുറം - കോഴിക്കോട്<br>12. കാഞ്ഞങ്ങാട് - പാണത്തൂർ<br>13. മധുര - എറണാകുളം<br>14. എരുമേലി - പത്തനംതിട്ട - പുനലൂർ - തിരുവനന്തപുരം<br>15. എരുമേലി - പുനലൂർ - തിരുവനന്തപുരം<br>16. മധുര - കോട്ടയം<br>17. ചെങ്ങന്നൂർ - തിരുവനന്തപുരം (അടൂർ - കൊട്ടാരക്കര വഴി)<br>18. പാണത്തൂർ - കണിയൂർ പുതിയപാത |
| (ബി) | ഇത്തരത്തിൽ സർവ്വേ പൂർത്തിയാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ ; | | |

| | | | |
|---|---|---|---|
| | | | 19. കണിയൂർ - കുട്ടിക്കുളം പുതിയപാത<br>20. തകഴി - തിരുവല്ല പുതിയ പാത<br>21. കണ്ണൂർ - മട്ടന്നൂർ പുതിയ പാത<br>22. തിരുവല്ല - റാന്നി - പമ്പ<br>23. കോഴിക്കോട് - ബേപ്പൂർ പുതിയ പാത<br>24. എറണാകുളം - ഷൊർണൂർ നാലാം പാത<br>25. പോടന്നൂർ - പാലക്കാട് മൂന്നാം പാത<br>26. കണ്ണൂർ - കണ്ണൂർ എയർപോർട്ട് ലിങ്ക്<br>27. ബാലരാമപുരം - വിഴിഞ്ഞം തുറമുഖം (തുറമുഖ അതോറിറ്റിയാണ് സർവ്വേ നടത്തുന്നത്)<br>28. അങ്ങാടിപ്പുറം - ഒറ്റപ്പാലം<br>29. ചെങ്ങന്നൂർ - തിരുവനന്തപുരം<br>30. ശബരിമല - ചെങ്ങന്നൂർ<br>31. ശബരിപാതയുടെ എക്സ്റ്റൻഷൻ - പുനലൂർ - തിരുവനന്തപുരം<br>32. ഷൊർണ്ണൂർ - മാംഗ്ലൂർ മൂന്നാംപാത<br>ഇതിൽ അങ്കമാലി ശബരി പാതയ്ക്ക് 5 കോടി രൂപയും തിരുനാവായ ഗുരുവായൂർ പാതയ്ക്ക് 1 കോടി രൂപയും 2015-16 ലെ റെയിൽവേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നിലമ്പൂർ നഞ്ചൻകോട് പാതയുടെ ചിലവിന്റെ 50% prorata share അടിസ്ഥാനത്തിൽ വഹിക്കാൻ സംസ്ഥാനം തയ്യാറാവുകയും 2014-15 ബഡ്ജറ്റിൽ 5 കോടി വകയിരുത്തുകയും ചെയ്തിരുന്നു. മുകളിൽ 2,5,6,7,9,10,13,14,15,20,21,22,26 ക്രമനമ്പരുകളായുള്ള പ്രപ്പോസലുകൾ റെയിൽവേ ബോർഡ് shelve ചെയ്തിരിക്കുകയാണ് ബാക്കി പ്രൊപ്പോസലുകളിൽ തുടർ നടപടികൾ സംബന്ധിച്ച് റെയിൽവേ ബോർഡിന്റെ തീരുമാനത്തിനായി കാത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഇക്കാര്യത്തിൽ പ്രയോജനകരമായ പദ്ധതികൾ പ്രാവർത്തികമാക്കാൻ സാധിക്കാത്തത് സംസ്ഥാന സർക്കാരിന്റെ അലംഭാവം കൊണ്ടുകൂടിയാണെന്ന ആക്ഷേപം നിലവിലുണ്ടോ; നിലപാട് വ്യക്തമാക്കാമോ ? | (സി) | ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും യാതൊരുവിധ അലംഭാവവും ഉണ്ടായിട്ടില്ല. നേരെ മറിച്ച് സംസ്ഥാനത്തിനായി പ്രഖ്യാപിക്കപ്പെട്ട സർവ്വേകൾ എല്ലാം എത്രയും പെട്ടെന്ന് പൂർത്തിയാക്കി റെയിൽവേ ലൈനുകൾ എത്രയും വേഗം സ്ഥാപിക്കണമെന്ന് സംസ്ഥാന സർക്കാർ എല്ലാ വർഷങ്ങളിലേയും റയിൽവേ ബഡ്ജറ്റിനു മുന്നോടിയായി സമർപ്പിച്ചുവരുന്ന വിശദമായ മെമ്മോറാണ്ടങ്ങളിൽ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 2015-16 ലെ റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി സംസ്ഥാനത്തെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് കേന്ദ്ര സർക്കാരിനു സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിലും വീണ്ടും ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ